**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4048** **27-10-2021 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉപയോഗവും വ്യാപനവും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എഴുപത് മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ നിരോധിച്ച സാഹചര്യത്തിൽ അവയുടെ ഉപയോഗവും വ്യാപനവും തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | പ്ലാസ്റ്റിക് ക്യാരിബാഗുകൾ (irrespective of thickness) ഉൾപ്പെടെയുള്ള ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് വസ്തുക്കൾ സംസ്ഥാനത്ത് 01.01.2020 മുതൽ നിരോധിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിലും നഗരസഭാപ്രദേശത്ത് ഹെൽത്ത് സ്ക്വാഡ് മുഖേനയും സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി നിയമലംഘനം നടത്തിയതായി കണ്ട സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കി വരുന്നു. |
| (ബി) | കോവിഡ് പശ്ചാത്തലത്തിൽ കടകളിലും മറ്റ് പൊതു സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് കയ്യറകളുടെയും നിരോധിത പരിധിയിൽ വരുന്ന മറ്റ് പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെയും ഉപയോഗം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്യത്തിൽ ഉപയോഗം കുറക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത സാഹചര്യത്തിൽ പ്ലാസ്റ്റിക് ഉപയോഗം ഫലപ്രദമായി നിയന്ത്രിക്കാൻ ഏതൊക്കെ ബദൽ മാർഗ്ഗങ്ങളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി തുണിയും പേപ്പറും ഉപയോഗിച്ച് നിർമ്മിച്ച ബാഗുകൾ, പ്ലാസ്റ്റിക് ഷീറ്റ് വിരികൾക്ക് പകരമായി പേപ്പറിൽ നിർമ്മിച്ച വിരികൾ, പ്ലാസ്റ്റിക്കിലും, തെർമ്മോകോളിലും നിർമ്മിച്ച പ്ലേറ്റുകൾ, കപ്പുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ എന്നിവയ്ക്ക് പകരമായി ഗ്ലാസിലും, സെറാമിക്കില്ലും, സ്റ്റീൽ, പേപ്പർ, പ്രകൃതിദത്തമായി പദാർത്ഥങ്ങൾ എന്നിവ ഉപയോഗിച്ച് നിർമ്മിച്ച പ്ലേറ്റുകളും, ഗ്ലാസുകളും, സ്പൂണുകൾ ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ ഉപയോഗിക്കുന്നതിനും, നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ളാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ് എന്നിവയ്ക്കു പകരമായി തുണികൾ, പേപ്പർ എന്നിവ ഉപയോഗിച്ച് നിർമ്മിച്ചവ ഉപയോഗിക്കാവുന്നതും, |

| | | | |
|---|---|---|---|
| | | | പച്ചക്കറി പഴവർഗ്ഗങ്ങൾ പാക്കിംഗിനായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ബാഗുകൾ ഒഴിവാക്കി പേപ്പർ, തുണി ബാഗുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ചും പ്ലാസ്റ്റിക്കുകളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, ഹരിതകർമ്മ സേനാംഗങ്ങൾ, റസിഡൻസ് അസോസിയേഷൻ, രാഷ്ട്രീയ പാർട്ടികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി പരിസ്ഥിതി വകുപ്പ് task force രൂപീകരിക്കുകയും കർമ്മ പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പൊതുജന അവബോധം വർദ്ധിപ്പിക്കാനായി വെബിനാറുകൾ സംഘടിപ്പിക്കുകയും brochure കൾ/ പോസ്റ്ററുകൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. Plastic manufactures / recycling സ്ഥാപനങ്ങളുടെ വിവര ശേഖരണം Market Survey, Litter Survey, തുടങ്ങിയ നടപടികൾ പരിസ്ഥിതി വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ പ്ലാസ്റ്റിക് കൈയ്യുറകൾക്ക് പകരം അണുനശീകരണം ചെയ്ത് ഉപയോഗിക്കാവുന്ന റബ്ബർ, തുണി കൈയ്യുറകൾ ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ